മാതൃഭൂമി

Seed

FEDERAL BANK

പ്രസിദ്ധീകരണം

ആകാശപ്പച്ച

പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ

2026 February 27

International Polar Bear Day

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 53 FEBRUARY 2026

ആകാശപ്പച്ച

CONTENTS

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16

Cover photo: Freepic

ഫെബ്രുവരി 27
ഇന്റർനാഷണൽ
പോളാർ ബെയർ ഡേ

1. വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക.

2. വീടുകളിൽ ഊർജ ഉപഭോഗം കുറയ്ക്കുക.

3. പുനരുപയോഗിക്കാവുന്ന ഊർജസ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക.

ഇതൊക്കെ ചെയ്താൽ ധ്രുവപ്രദേശത്ത് ജീവിക്കുന്ന വെള്ളക്കരടികൾ എങ്ങനെ രക്ഷപ്പെടുമെന്നല്ലേ? അടുത്ത പേജ് കാണൂ...



ആഗോളതാപനവും ധ്രുവക്കരടിയും

ധ്രുവക്കരടികളുടെ സംരക്ഷണത്തെക്കുറിച്ചും അവ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ഇന്റർനാഷണൽ പോളാർ ബെയർ ഡേ ആചരിക്കുന്നത്. മഞ്ഞുപാളികളെ ആശ്രയിച്ചാണ് ധ്രുവക്കരടികളുടെ ജീവിതം. ആഗോളതാപനംമൂലം ആർട്ടിക്കിലെ മഞ്ഞുപാളികൾ ഉരുകുന്നത്, ഇവയുടെ ആവാസവ്യവസ്ഥ ഇല്ലാതാക്കുന്നു. ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ ഇവരുടെ അതിജീവനത്തിന് വലിയ ഭീഷണിയാണ്. ഊർജ ഉപയോഗം കുറയ്ക്കാനും കാർബൺ ഫൂട്പ്രിന്റ് നിയന്ത്രിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുകയെന്നത് ഈ ദിനാചരണത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നെയ്ചർ (IUCN) ധ്രുവക്കരടികളെ വംശനാശസാധ്യതയുള്ളവയുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയെ സംരക്ഷിക്കേണ്ടതിന്റെ അടിയന്തരപ്രാധാന്യം ഈ ദിവസം നമ്മെ ഓർമ്മിപ്പിക്കുന്നു. ഫെബ്രുവരിയിലാണ് അമ്മക്കരടികൾ മഞ്ഞുമടകളിൽ കുഞ്ഞുങ്ങളുമായി കഴിയുന്നത് എന്ന പ്രത്യേകതയുമുണ്ട്.

കാടുകൾ പ്രകൃതിയുടെ അമൂല്യ സമ്പത്ത്

കാടുകൾ പ്രകൃതിയുടെ അവിഭാജ്യഘടകമാണ്. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രമായ വനങ്ങൾ, ഭൂമിയിൽ ജീവന്റെ സമനില കാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡൈയോക്സൈഡിനെ വലിച്ചെടുത്ത് നമുക്ക് ശ്വസിക്കാൻ ശുദ്ധവായു നൽകുന്നത് കാടുകളാണ്. കൂടാതെ, മഴ ലഭിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ഭൂമിയിലെ ജലാംശം നിലനിർത്തുന്നതിനും വനങ്ങൾ സഹായിക്കുന്നു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലും വനങ്ങൾക്ക് പ്രധാന സ്ഥാനമുണ്ട്. പല ഗോത്രവർഗക്കാരും കാടിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കാട് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പ്രകൃതിയുടെ ഈ വരദാനത്തെ നാം സ്വന്തം അമ്മയെപ്പോലെ സംരക്ഷിക്കണം.

ശ്രാവൺ ആർ. അനോജ്,
സിദ്ധാർഥ സെൻട്രൽ സ്കൂൾ,
പള്ളിമൺ, കൊല്ലം

കേരളം അറിയാൻ

ആറളം ശലഭങ്ങളുടെ പറുദീസ

കേരളത്തിലെ പ്രധാനപ്പെട്ട വന്യജീവിസങ്കേതങ്ങളിലൊന്നായ ആറളം, ചിത്രശലഭങ്ങളുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമാണ്. ആറളം വൈൽഡ്‌ലൈഫ് സാങ്ച്വറിയെ ഔദ്യോഗികമായി ശലഭസങ്കേതമായി പ്രഖ്യാപിച്ചു. കേരളത്തിലെ ആദ്യ ശലഭസങ്കേതമാണിത്. കണ്ണൂർ നഗരത്തിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ ദൂരേയാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഏകദേശം 260-ലധികം വർഗത്തിൽപ്പെട്ട ചിത്രശലഭങ്ങളെ ആറളത്ത് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പശ്ചിമഘട്ടത്തിൽമാത്രം കാണുന്ന അപൂർവയിനങ്ങളും ഉൾപ്പെടുന്നു. വർഷംതോറും ദശലക്ഷക്കണക്കിന് ശലഭങ്ങൾ ഒത്തുചേരുന്ന 'ശലഭ ദേശാടനത്തിന്' (Butterfly Migration) ആറളം സാക്ഷ്യംവഹിക്കാറുണ്ട്. കോമൺ ആൽബട്രോസ്, ബുദ്ധമയൂരി, സതേൺ ബേഡ്‌വിങ്, നീലക്കടുവ, മലബാർ റോസ്, തളിർനീലി തുടങ്ങിയവയെ ഇവിടെ ധാരാളമായി കാണാം. ഡിസംബർമുതൽ ഫെബ്രുവരിവരെയാണ് ഈ മനോഹരദൃശ്യം കാണാനാവുക.

വിജയകുമാരി എം.എം.
സീഡ് കോഡിനേറ്റർ
വേശാല ഈസ്റ്റ് എ.എൽ.പി. സ്കൂൾ
കണ്ണൂർ

മലമുഴക്കി വേഴാമ്പൽ

മനോഹരമായ ഒരു വലിയ പക്ഷിയാണ് മലമുഴക്കി വേഴാമ്പൽ. ഇത് കേരളസംസ്ഥാനത്തിന്റെ ഔദ്യോഗിക പക്ഷിയാണ്. കാടുകളിലും മലമ്പ്രദേശങ്ങളിലും കാണപ്പെടുന്ന ഇവയ്ക്ക് മഞ്ഞനിറമുള്ള വലിയ കൊക്കും തലയുടെ മുകളിൽ കിരീടംപോലെയുള്ള ഒരു വളർച്ചയുമുണ്ട്. ഇവയുടെ ചിറകുകൾ പ്രധാനമായും കറുത്ത നിറത്തിലും വാല് വെള്ളനിറത്തിലുമാണ്. അത്തിപ്പഴം, ഞാവൽപ്പഴം തുടങ്ങിയ കാട്ടുപഴങ്ങളാണ് പ്രധാന ഭക്ഷണം. വിത്തുകൾ വിതറുന്നതിലൂടെ വനവത്കരണത്തിന് ഇവ വലിയ സഹായം ചെയ്യുന്നു. വലിയ മരങ്ങളിലെ പൊത്തുകളിലാണ് വേഴാമ്പലുകൾ കൂടുണ്ടാക്കുന്നത്. മുട്ടയിടുന്ന സമയത്ത് പെൺപക്ഷി മരപ്പൊത്തിനുള്ളിൽ അടയിരിക്കും. ഈ സമയത്തും മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങൾ വലുതാകുന്നതുവരെയും പെൺപക്ഷിക്കും കുഞ്ഞുങ്ങൾക്കും ആൺപക്ഷി ഭക്ഷണം എത്തിച്ചുനൽകുന്നു. കാടുകൾ കുറയുന്നത് ഈ പക്ഷികളുടെ വംശനാശത്തിന് കാരണമാകുന്നു. മലമുഴക്കിവേഴാമ്പലിനെ സംരക്ഷിക്കുകയെന്നാൽ എല്ലാതരത്തിലും പ്രകൃതിയെ സംരക്ഷിക്കുക എന്നുതന്നെയാണ് അർഥം.

ദേവപ്രിയ, നാലാംക്ലാസ്,
ഗവ. യു.പി. സ്കൂൾ, പൊന്മുടി,
തിരുവനന്തപുരം

ഈ ഫോട്ടോ കാണാം

തളിക്കുളം

കോഴിക്കോട് തളിക്ഷേത്രത്തിന് സമീപത്തുനിന്നുള്ള കാഴ്ച

അൻവർ സമീൽ
സീഡ് അധ്യാപക കോഡിനേറ്റർ
ഗോവിന്ദവിലാസ് എ.എൽ.പി. സ്കൂൾ
നടുവട്ടം, കോഴിക്കോട്

മാതൃഭൂമി ആകാശപ്പച്ച
2026 ഫെബ്രുവരി

കൃഷി:
മണ്ണും മനുഷ്യനും തമ്മിലൊരു മൗനസംവാദം

കൃഷി മനുഷ്യന്റെ ഏറ്റവും പഴയ തൊഴിൽമാത്രമല്ല, അവനെ പരിഷ്കാരിയാക്കിമാറ്റിയ ഒരു സംസ്കാരംകൂടിയാണ്. നമ്മുടെ ഗ്രാമജീവിതം കൃഷിയുമായി ചേർന്നാണ് വളർന്നത്. വിളവെടുപ്പുത്സവങ്ങളും കൂട്ടായ്മകളും സഹജീവനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചു. ഇന്ന് കൃഷി ലാഭ-നഷ്ട കണക്കുകളിലേക്ക് ചുരുങ്ങുന്നു. രാസവളങ്ങളും കീടനാശിനികളും അമിതമായി ഉപയോഗിക്കുന്ന കൃഷിരീതികൾ വിളവിനൊപ്പം ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതിനാശവും ഉണ്ടാക്കുന്നു. മണ്ണിന്റെ ജീവനെ സംരക്ഷിക്കുന്ന കൃഷിയാണ് ആരോഗ്യം സംരക്ഷിക്കുന്നതെന്ന ബോധം അനിവാര്യമാണ്. ഇവിടെയാണ് ജൈവക്കൃഷിയുടെപ്രസക്തി. കൃഷിയെ സംരക്ഷിക്കുന്നത്, ഒരു തൊഴിൽമേഖലയെ രക്ഷിക്കുന്നതല്ല, മറിച്ച് നമ്മുടെ ഭക്ഷണവും ആരോഗ്യവും ഭാവിതലമുറകളുടെ ജീവിതവും സംരക്ഷിക്കുന്നതിന് തുല്യമാണ്.

മുഹമ്മദ് സ്വാലിഹ് കെ.
സീഡ് കോഡിനേറ്റർ
പനമണ്ണ യു.പി. സ്കൂൾ,
ഒറ്റപ്പാലം, പാലക്കാട്

നാട്ടുചേലുള്ള പാട്ട്

കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും
കണ്ണാടി നോക്കും ചോലയിൽ
മുങ്ങിവാ പൊങ്ങിവാ
മുന്നാഴി തുമ്പത്തും കോരിവാ
നീലപൊന്മാൻ കുഞ്ഞുങ്ങളേ

ഈ ഗാനത്തിൽ കവി പ്രകൃതിയെ അത്രമേൽ സുന്ദരമായി വരച്ചു കാണിക്കുന്നു. ഓരോ വരിയും കേൾക്കുമ്പോൾ, കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും വിരിഞ്ഞുനിൽക്കുന്ന ചോലകളും പൊന്മാൻ കുഞ്ഞുങ്ങളും നമ്മുടെ മനസ്സിൽ തെളിയും. പ്രകൃതിയുമായുള്ള മനുഷ്യന്റെ ഇഴയടുപ്പമാണ് ഈ ഗാനം ഓർമ്മിപ്പിക്കുന്നത്. സ്വപ്നങ്ങളുടെ ചിറകിലേറി ഉയരങ്ങളിലേക്ക് പറക്കാൻ കവി നമ്മെ പ്രേരിപ്പിക്കുന്നു. അനുബന്ധം എന്ന സിനിമയ്ക്കായി ബിച്ചു തിരുമല എഴുതി ശ്യാം സംഗീതം പകർന്ന് യേശുദാസ് പാടിയതാണ് ഈ ഗാനം.

കെ.എം. ധരിത്രി, മൂന്നാംക്ലാസ്
സി.എൻ.എൻ. ജി.എൽ.പി.എസ്.
ചേർപ്പ്, തൃശ്ശൂർ

ഇത് അതിശയം തന്നെ

കാലിലെ റേഡിയോ

കിലോമീറ്ററോളം അകലെയുള്ള ഇടിമുഴക്കവും ആനകളുടെ ചിന്നംവിളിയും, ഭൂമിയിലൂടെയുള്ള തരംഗങ്ങളായി തിരിച്ചറിയാൻ ആനകൾക്ക് കഴിയും. ഒരു സെൻസർപോലെ പ്രവർത്തിക്കുന്ന വലിയ കാൽപ്പാദങ്ങളാണ് ആനകളെ ഇതിന് സഹായിക്കുന്നത്.

കാർത്തിക എസ്.
ജി.എം.യു.പി.എസ്.
ബി.പി. അങ്ങാടി, മലപ്പുറം

ആനകളുടെ രഹസ്യ സന്ദേശങ്ങൾ

തെറ്റ് ശരി

മനുഷ്യർക്ക് കേൾക്കാനാകാത്ത ശബ്ദങ്ങൾ ഉപയോഗിച്ച് ആനകൾതമ്മിൽ ആശയവിനിമയം നടത്താറുണ്ട്. ഇതിനായി ഉപയോഗിക്കുന്ന ശബ്ദങ്ങൾ മനുഷ്യർക്ക് കേൾക്കാനാകാത്തവിധം താഴ്ന്ന ആവൃത്തിയുള്ളതാണ് (20 Hz-ൽ താഴേ). കിലോമീറ്ററുകൾക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ ഈ ശബ്ദതരംഗങ്ങൾക്കാവും. ഈ ആശയവിനിമയങ്ങൾ ആനകളുടെ സാമൂഹികബന്ധങ്ങൾക്ക് വളരെ പ്രധാനമാണ്. കിലോമീറ്ററുകൾ അകലെയുള്ള ആനക്കൂട്ടങ്ങളുമായി ബന്ധം പുലർത്താനും, അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും ഇത് സഹായിക്കുന്നു.



ഫിദ ഫാത്തിമ
ഒൻപതാം ക്ലാസ്
ആലങ്ങാട് ജമാഅത്ത് പബ്ലിക് സ്കൂൾ
കരുമാല്ലൂർ, എറണാകുളം

ലോകം എങ്ങനെ

നല്ല ഭൂമിയാണ് നമ്മുടെ ഭാവി

ചില മനുഷ്യരുടെ പ്രവൃത്തികൾ പ്രകൃതിയെ ബാധിക്കുന്നു. കാടുകൾ നശിക്കുന്നു, നദികൾ മലിനമാകുന്നു, വായുവും വെള്ളവും മലിനമാകുന്നു, കാലാവസ്ഥ മാറുന്നു, പ്രളയവും വരൾച്ചയും ഉണ്ടാകുന്നു. ഇതൊക്കെയും മനുഷ്യരുടെ അശ്രദ്ധയും അതിരുകടന്ന ഉപഭോഗവുംമൂലം പ്രകൃതിക്കുണ്ടാകുന്ന അപകടങ്ങളാണ്. ഇതിന് തടയിടാൻ പ്രകൃതിയെ സംരക്ഷിക്കണം. ചെടികൾ നട്ടുപിടിപ്പിക്കണം, വെള്ളം ശുദ്ധിയായി സംരക്ഷിക്കണം, മാലിന്യങ്ങൾ ഇല്ലാതാക്കണം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം സുരക്ഷിതമാക്കണം തുടങ്ങിയ ചെറിയ പ്രവർത്തനങ്ങൾപോലും വലിയ ഗുണംചെയ്യും. പ്രകൃതിയോട് സ്നേഹം കാണിച്ചാൽമാത്രമേ നമ്മുടെ ലോകം നാളേക്കും സുരക്ഷിതമായിരിക്കൂ.

ഇർഷാദ്, ആറാംക്ലാസ്
ഗവ. യു.പി.എസ്. മറവൻതുരുത്ത്
കോട്ടയം

വെള്ളത്തിൽ വിരിയുന്ന വെള്ളിനക്ഷത്രം

നമ്മുടെ നാട്ടിൻപുറങ്ങളിലെ കുളങ്ങളിലും പാടശേഖരങ്ങളിലും ഒരുകാലത്ത് വെള്ളിനക്ഷത്രങ്ങൾപോലെ വിരിഞ്ഞുനിന്നിരുന്ന മനോഹരമായ പുഷ്പമാണ് നെയ്യലാമ്പൽ. 'വാട്ടർ സ്നോ ഫ്ളേക്ക്' എന്നറിയപ്പെടുന്ന ഈ പൂവിന്റെ ശാസ്ത്രീയ നാമം Nymphoides indica എന്നാണ്. മഞ്ഞനിറമുള്ള മധ്യഭാഗവും നനുനനുത്ത രോമങ്ങളുള്ള വെളുത്ത ഇതളുകളും ചേർന്ന് ഈ പൂവിന് ഒരു കുഞ്ഞു നക്ഷത്രത്തിന്റെ ഭംഗി നൽകുന്നു. ഹൃദയാകൃതിയിലുള്ള ഇലകൾ വെള്ളത്തിന് മുകളിൽ പച്ചപ്പരവതാനിപോലെ വിരിയുന്നു. ഔഷധഗുണങ്ങളാൽ സമ്പന്നമായ നെയ്യലാമ്പൽ, ജലാശയ മലിനീകരണവും കുളങ്ങൾ നികത്തുന്നതും കാരണം ഇന്ന് അപൂർവമാകുകയാണ്.

ആതിര സനൽ
എസ്.എൻ.യു.പി.എസ്.
പോത്തിൻകണ്ടം, ഇടുക്കി.

എന്റെ പൂന്തോട്ടം

എന്റെ വീട്ടിലെ പൂന്തോട്ടം
എത്ര മനോഹരമാണെന്നോ
തലയുയർത്തി നിൽക്കും ചെടികൾ
പടർന്നുകയറും വള്ളികളും
ഇലയിൽ തങ്ങും മഞ്ഞിൻ കണവും
നിറയെ ചെടികൾ, നിറയെ മൊട്ടുകൾ
പലനിറത്തിൽ പല മണത്തിൽ
ചിരിച്ചുനിൽക്കും പല പൂക്കൾ
എല്ലായിടവും പൂമ്പാറ്റകളും
കുഞ്ഞി കുഞ്ഞി കിളികളും
എന്ത് മനോഹരമാണെന്നോ
എന്റെ സ്വന്തം പൂന്തോട്ടം

സൗഭാഗ്യ എ, ആറാംക്ലാസ്
ജി.യു.പി.എസ്. ആഞ്ഞിലിപ്ര, ആലപ്പുഴ

അക്കുവും അപ്പുവും

ഹായ് ഹലോ, എന്റെ പേര് അക്കു ഞാനൊരു കാക്കയാണ്. ഇതെന്റെ കൂട്ടുകാരൻ, ഇവൻ ഒരു കൊക്കാണ്. ഇവന്റെ പേര് അപ്പു. ഇനി ഞങ്ങൾ ഒരു പരാതി രേഖപ്പെടുത്തട്ടെ. പ്രിയപ്പെട്ട മനുഷ്യരേ, ഞങ്ങളുടെ പ്രശ്നത്തിന് പരിഹാരം നൽകണേ.

അക്കു: പ്രകൃതിയെ വൃത്തിയാക്കൽ എനിക്ക് വളരെ ഇഷ്ടമുള്ള കാര്യമാണ്. ഇപ്പൊ അതിനൊരു പ്രശ്നം വന്നേക്കുവാ. മാലിന്യം വൃത്തിയാക്കുമ്പോൾ മാലിന്യത്തിന്റെ കൂടെ ഞാൻ പ്ലാസ്റ്റിക്കും തിന്നുന്നു. അതുകൊണ്ട് നിങ്ങൾ മാലിന്യം വലിച്ചെറിയരുത്. പ്ലാസ്റ്റിക്കും വലിച്ചെറിയരുത്. അത് എന്റെ ജീവനും പ്രശ്നമാണ്!

അപ്പു: കഴിഞ്ഞദിവസം വയലിൽ ഒരു വെള്ളമീനെ കണ്ടു. ഞാൻ അതിനെ ആഞ്ഞുകൊത്തി. എനിക്ക് കിട്ടിയത് ഒരു വലിയ പ്ലാസ്റ്റിക്. നിങ്ങൾ എന്തിനാ ഇങ്ങനെ പരിസ്ഥിതിയെയും ഞങ്ങളെയും ബുദ്ധിമുട്ടിക്കാനായി പ്ലാസ്റ്റിക് വലിച്ചെറിയുന്നത്. 2026 തുടങ്ങിയില്ലേ, ഇനിയെങ്കിലും പ്ലാസ്റ്റിക് വലിച്ചെറിയരുത്. പ്ലാസ്റ്റിക് വലിച്ചെറിയാതെ ഹരിത കർമ സേനയ്ക്ക് കൈമാറി നമുക്ക് ഈ ഭൂമിയെ രക്ഷിക്കാം.

ആദിത്യൻ ആർ.
പ്ലസ് വൺ ബയോ സയൻസ്
അടൂർ ഗവൺമെന്റ് ബോയ്സ്
ഹയർ സെക്കൻഡറി സ്കൂൾ

Seed
Student Empowerment for Environmental Development

FEDERAL BANK

മാതൃഭൂമി ആകാശപ്പച്ച

എല്ലാ കാലാവസ്ഥയും ചെടികളോട് പൂക്കാൻ ആവശ്യപ്പെടുന്നില്ല; ചില കാലാവസ്ഥകളിൽ ശ്വാസം നിലനിർത്താനാണ് പറയുന്നത്!

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha @ mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം
വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed